(സി) ടി രണ്ട് പാർക്കുകൾക്ക് വേണ്ടിയുള്ള കിൻഫ്രയുടെ മുടക്കുമുതൽ 21.22 കോടി രൂപയാണ്.

(ഡി) ടി രണ്ട് പാർക്കുകളുടെ നടത്തിപ്പിന് വേണ്ടി വേതനം ഉൾപ്പെടെ പ്രതിമാസം 1,55,693 രൂപ ചെലവ് വരുന്നുണ്ട്.

കിൻഫ്ര പാർക്കുകളിലെ കെട്ടിടവും സ്ഥലവും വിലയ്ക്ക് നൽകുവാൻ നടപടി

59 [2186] ശ്രീമതി മാലേത്ത് സരളാദേവി:

ശ്രീ. എൻ. ശക്തൻ:

,, ഡൊമിനിക് പ്രസന്റേഷൻ:

,, ലൂഡി ലൂയീസ്:

,, എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായം നടത്തുന്നവർ സ്ഥാപിച്ചിട്ടുള്ള കെട്ടിടവും സ്ഥലവും വിലയ്ക്ക് നൽകുവാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ അതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—ബി) കിൻഫ്രയുടെ വ്യവസായ പാർക്കുകളിൽ വ്യവസായം നടത്തുന്നവർ സ്ഥാപിച്ചിട്ടുള്ള കെട്ടിടവും സ്ഥലവും വിലയ്ക്ക് നൽകുവാൻ ഉദ്ദേശ്യമില്ല.

കിൻഫ്ര പാർക്കുകളിലെ വ്യവസായ യൂണിറ്റുകൾ

60 [2187] പ്രൊഫ. സാവിത്രി ലക്ഷ്മണൻ:

ശ്രീ. വി. ഡി. സതീശൻ:

,, പി. ജെ. ജോയി:

,, ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്രയുടെ പണി പൂർത്തിയായ വ്യവസായ പാർക്കുകളിൽ ആകെ എത്ര വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാനുള്ള സൗകര്യമുണ്ട്;

(ബി) അവിടെ എത്ര യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്;

(സി) അവയിൽ വിദേശികൾ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകളുടെ എണ്ണം എത്ര എന്ന് വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ ആന്റ് ബി) കിൻഫ്ര സ്ഥാപിച്ചിട്ടുള്ള വിവിധ വ്യവസായ പാർക്കുകളിൽ കുറഞ്ഞത് പത്ത് സെന്റ് സ്ഥലം മുതൽ ഭൂമി, വ്യവസായ സംരംഭകർക്ക് വ്യവസായം തുടങ്ങാൻ നൽകുന്നുണ്ട്. ആയിതിനാൽ എത്ര വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കാൻ കഴിയുമെന്ന് മുൻകൂട്ടി പറയുവാൻ കഴിയുകയില്ല. ഓരോ പാർക്കുകളിലും വ്യവസായികൾ ഏറ്റെടുക്കുന്ന സ്ഥലത്തിന്റെ വിസ്തൃതി അനുസരിച്ച് മാത്രമേ മൊത്തം യൂണിറ്റുകളുടെ എണ്ണം കണക്കാക്കാൻ സാധിക്കുകയുള്ളൂ.

കിൻഫ്ര ഇപ്പോൾ പണി പൂർത്തിയാക്കി സ്ഥലം അലോട്ട് ചെയ്ത് തുടങ്ങിയ വിവിധ പാർക്കുകളിൽ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകളെ കുറിച്ചുള്ള വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(സി) അവയിൽ വിദേശികൾ സ്ഥാപിച്ചിട്ടുള്ള യൂണിറ്റുകൾ ഒന്നും ഇല്ല.

വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കമ്പ്യൂട്ടർവൽക്കരണം

61 [2188] ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് എത്ര രൂപയുടെ കമ്പ്യൂട്ടർ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം ഡിപ്പാർട്ട്മെന്റുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ചു.

(സി) ഓരോ ഡിപ്പാർട്ട്മെന്റിനും എത്ര തുകയുടെ കമ്പ്യൂട്ടർ വാങ്ങി എന്ന് വ്യക്തമാക്കുമോ;

(ഡി) ഓരോ ഡിപ്പാർട്ട്മെന്റിലേയും ജീവനക്കാർക്ക് കമ്പ്യൂട്ടർ പരിശീലനം നൽകാൻ എന്തു തുക ചെലവിട്ടു എന്ന് വ്യക്തമാക്കുമോ;

(ഇ) കമ്പ്യൂട്ടർ പരിശീലനം നൽകുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നും അവയെ തെരഞ്ഞെടുത്ത മാനദണ്ഡം എന്തെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഇ) വിവരസാങ്കേതിക രംഗത്ത് പ്രാഗൽഭ്യമുള്ള കേന്ദ്ര സംസ്ഥാന ഏജൻസികളായ കെൽട്രോൺ, സി-ഡിറ്റ്, എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി, സി-ഡാക്ക് (C DAC), ഐ.എച്ച്.ആർ.ഡി. (I.H.R.D.), എൻ.ഐ.സി. (N.I.C.) എന്നീ സ്ഥാപനങ്ങൾ കമ്പ്യൂട്ടർ പരിശീലനം

† നിയമസഭാ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly